**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **22-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ഫീഡ്സിലെ ഉദ്യോഗസ്ഥനിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സിൽ ഉദ്യോഗസ്ഥനിയമനത്തിന് അനുവർത്തിച്ചുവരുന്ന രീതി എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | എ) കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്കർ വിഭാഗം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ് നടത്തിവരുന്നത്. ഓഫീസർ വിഭാഗം തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും, open market / deputation from other similar organisation or departments എന്നിവ മുഖാന്തിരവും നടത്തിവരുന്നു. |
| (ബി) | കേരള ഫീഡ്സിന്റെ 2019ലെ നോട്ടിഫിക്കേഷൻ പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കേരള ഫീഡ്സ് ലിമിറ്റഡിലേയ്ക്ക് 28.02.2019 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷിച്ചവരിൽ യോഗ്യരായവരുടെ എഴുത്തുപരീക്ഷയ്ക്കായി M/s.സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തുകയും അതിൽ യോഗ്യരായവരെ 04.09.2020 മുതൽ 16.09.2020 വരെ വിവിധ തീയതികളിലായി ഓൺലൈൻ ഇന്റർവ്യൂവിന് ക്ഷണിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യ റാങ്കുകളിൽ ഉൾപ്പെട്ട 11 പേർക്ക് കമ്പനിയിയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (സി) | കേരള ഫീഡ്സിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിയമനങ്ങൾ നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാമോ? | (സി) | കേരള ഫീഡ്സിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിയമനങ്ങൾ നടക്കുന്നുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച പരാതികളിൽ കമ്പനിയുടെ റിപ്പോർട്ട് തേടുകയും, പരാതി വാസ്തവവിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് തീർപ്പാക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ